രുന്നു. ഇന്ത്യയിലേക്കാളധികം. 1963-ൽ ഇത് പിന്നേയും ഉയർന്നു. ആയിരത്തിന് 33.5 ആയി. 1970-നു ശേഷം ഈ വർദ്ധന കുറഞ്ഞുവന്നു. 1976-ൽ ജനസംഖ്യാവർദ്ധന ആയിരത്തിനു 12.7 ആയിരുന്നു 1980-ൽ ആയിരത്തിനു 12 ആയി ഇതു വീണ്ടും കുറഞ്ഞു. വർദ്ധന പിന്നെയും കുറഞ്ഞ് അടുത്ത രണ്ടു പത്താണ്ടുകളിൽ ആയിരത്തിനു 10 എന്ന നിലയിൽ നില്ക്കുമെന്നും, എ.ഡി. രണ്ടായിരമാവുമ്പോഴേക്ക് ആയിരത്തിനു പൂജ്യമെന്ന നില കൈവരുമെന്നും വിശ്വസിക്കപ്പെടുന്നു. അതായത് ചീനയിൽ ഇരുപതു വർഷംകൊണ്ട് ജനസംഖ്യാസ്ഥിരത കൈവരും; ജനസംഖ്യ പിന്നീട് അന്നത്തെ നിലയിൽ ഏറ്റക്കുറച്ചിൽ കൂടാതെ തുടരും.

സാമ്പത്തികമായി മുന്നേറണമെങ്കിൽ മാത്രമല്ല, ഇന്നുള്ള ജീവിത സൗകര്യങ്ങൾ നിലനിർത്തണമെങ്കിൽത്തന്നെ, ഇന്ത്യയിലും നാം ജനസംഖ്യാസ്ഥിരത നേടിയേ മതിയാവൂ.

കക്ഷിപരിഗണനയോ മതപരിഗണനയോ കൂടാതെ ദേശീയാടിസ്ഥാനത്തിൽ ജനസംഖ്യാനിയന്ത്രണത്തിനുള്ള ഒരു തീവ്രയത്നപ്പരിപാടി, നിരന്തരമായും ഫലപ്രാപ്തിവരേയും ഇന്ത്യയിൽ നടപ്പിലാക്കേണ്ടിയിരിക്കുന്നു. പൂജ്യം ജനസംഖ്യാവർദ്ധന എന്ന ലക്ഷ്യം എന്നും നമ്മുടെ കൺമുന്നിലുണ്ടാവണം.

'നമ്മളൊന്ന്, നമുക്കൊന്ന്' എന്നതാവട്ടെ ഇന്ത്യയിലെ ദമ്പതികളുടെയെല്ലാം മുദ്രാവാക്യം. 'തിരുകുടുംബം' പോലെ തങ്ങളുടെ കുടുംബവും ഏകശിശുകുടുംബമാകുവാൻ ദമ്പതികൾ ശ്രദ്ധിക്കട്ടെ.

# 121. 2,54,03,217 കേരളീയർ

1981-ൽ നടന്ന ഇന്ത്യയിലെ ജനഗണനയിൽ വെളിപ്പെട്ട വിവരങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഫെബ്രുവരി 9 മുതൽ 28 വരെ ഇരുപതു ദിവസങ്ങളിലാണ് ഈ ജനഗണന നടന്നത്. മാർച്ച് 1 ആയിരുന്നു 'നിർദിഷ്ട ദിവസം.' മാർച്ച് 1 മുതൽ 5 വരെയുള്ള അഞ്ചു ദിവസങ്ങൾ പുനഃപരിശോധനയ്ക്കായി ഉപയോഗിച്ചു. ജനഗണനയ്ക്കുള്ള പരിശ്രമങ്ങൾ കേരളത്തിൽ മൂന്നു വർഷം മുമ്പ്, 1978 ജനുവരിയിൽത്തന്നെ തുടങ്ങിയിരുന്നു. നാല്പത്തോരായിരം എന്യൂമറേറ്റർമാരാണ് കേരളത്തിൽ ജനസംഖ്യാവിവരങ്ങൾ ശേഖരിച്ചത്. ഇവരുടെ ജോലി എണ്ണായിരത്തിയിരുനൂറ് സൂപ്പർവൈസർമാർ പരിശോധിച്ചു. പന്ത്രണ്ട് ഡിസ്ട്രിക്ട് സെൻസസ് ഓഫീസർമാർക്കു കീഴിൽ, നൂററിമുപ്പതു ചാർജ് ഓഫീസർമാർ ഈ പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചു. ഈ വിപുലമായ സംഘടനയുടെ ഉത്തരവാദിത്തം വഹിച്ചത്, സ്റ്റേറ്റിലെ സെൻസസ് ഡയറക്ടർ ശ്രീ എം. വിജയനുണ്ണി ആയിരുന്നു.

1981-ലെ ജനഗണനയ്ക്ക് ഇന്ത്യയിലൊട്ടാകെ പന്ത്രണ്ടര ലക്ഷത്തിലേറെ ആളുകൾ എന്യൂമറേറ്റർമാരായി പ്രവർത്തിക്കുകയുണ്ടായി. തൊണ്ണൂറു കോടി അച്ചടിച്ച ഫോറങ്ങൾ ഈ പ്രവർത്തനത്തിൽ ഉപയോഗപ്പെടുത്തി. അയ്യായിരത്തി ഇരുനൂറ് മെട്രിക് ടൺ കടലാസ്സാണത്രേ ഇതിനു വേണ്ടി വന്നത്. സെൻസസ്സിന്റെ മതിപ്പുചെലവ് നാല്പതു കോടി രൂപയായിരുന്നു. ജമ്മു-കാശ്മീർ, ആസ്സാം എന്നീ സ്റ്റേറ്റുകളൊഴികെ ഇന്ത്യയിലെ മറ്റെല്ലാ പ്രദേശങ്ങളിലും ഈ ജനഗണന ഒരേസമയം നടന്നു.

സർക്കാരുകൾ ജനസംഖ്യകണക്കെടുത്തു തുടങ്ങിയത് നികുതി ചുമത്തുന്നതിനുവേണ്ടിയാണെന്നു കരുതപ്പെടുന്നു. ചന്ദ്രഗുപ്ത ചക്രവർത്തി

യുടെ മന്ത്രിയായിരുന്ന കൗടല്യൻ താനെഴുതിയ 'അർത്ഥശാസ്ത്ര'ത്തിൽ ജനഗണനയുടെ ആവശ്യകതയെപ്പററി പറയുന്നുണ്ട്. വീടുകളുടെ കണക്കെടുക്കുക മുഗരം ചക്രവർത്തിമാരുടെ കാലത്തു നടപ്പായിരുന്നു. 'വീടുകളുടെ ഗണന' എന്നർത്ഥമുള്ള 'ഖാനാശുമാരീ' എന്ന പേഴ്സ്യൻ വാക്കിൽ നിന്നാണ് മലയാളത്തിലെ 'കാനേഷുമാരി' ഉണ്ടായതു്. 1816–നും 1830–നും ഇടയ്ക്കുള്ള കാലത്തു് ബ്രിട്ടീഷുകാർ ഇന്ത്യയിലെ ജനസംഖ്യ സംബന്ധിച്ച പഠനങ്ങരം ആരംഭിച്ചു. എങ്കിലും ഇന്ത്യയിൽ ആദ്യത്തെ ജനഗണന നടന്നതു് 1872–ൽ ആണെന്നത്രെ കണക്കാക്കിവരുന്നതു്. 1867 മുതൽ 1872 വരെ, അഞ്ചു വർഷങ്ങളിലായാണ് ഈ ജനഗണന നടന്നതു്. 1881 മുതൽ എല്ലാ പത്താം വർഷവും ഇന്ത്യയിൽ കൃത്യമായി ജനസംഖ്യാക്കണക്കെടുത്തു തുടങ്ങി. അങ്ങനെ, 1981–ൽ നടന്നതു് ഇന്ത്യയിലെ പന്ത്രണ്ടാമത്തെ ജനഗണനയാണ്.

നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറിലേയും കൊച്ചിയിലേയും ജനസംഖ്യയെപ്പററി ആദ്യമായൊരു പഠനം നടന്നതു് 1816–നും 1820–നും ഇടയ്ക്കായിരുന്നു. തുടർന്ന്, 1881–ലെ ദേശീയ ജനഗണനയ്ക്കു മുമ്പ് തിരുവിതാംകൂറിൽ 1836–ലും 1854–ലും 1875–ലും കൊച്ചിയിൽ 1820–ലും 1836–ലും 1849–ലും 1858–ലും 1875–ലും ജനഗണനകളുണ്ടായി. മലബാർ പ്രദേശത്തും 1822–ലും 1836–ലും ജനഗണന നടന്നതു കൂടാതെ 1851–52, 1856–57, 1861–62, 1866–67 എന്നീ വർഷങ്ങളിൽ റവന്യൂ ഉദ്യോഗസ്ഥന്മാർ ജനസംഖ്യ കണക്കാക്കി മേൽസ്ഥാനങ്ങളിലേക്ക് റിപ്പോർട്ടുകരം അയച്ചുമിരുന്നു. 1881–മുതൽ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും ഒരേസമയത്തുതന്നെയാണ് ജനഗണന നടത്തി വന്നതു്.

ജനങ്ങളുടെ മതം, ജാതി, ഭാഷ, സാമ്പത്തികസ്ഥിതി, തൊഴിൽ, വിദ്യാഭ്യാസനിലവാരം, സാക്ഷരത, നഗരവല്ക്കരണം തുടങ്ങി പല വിവരങ്ങളും ശേഖരിക്കുന്നുണ്ടെങ്കിലും, ജനഗണനയിൽനിന്നു കിട്ടുന്ന പ്രാഥമിക വസ്തുത രാജ്യത്തിലെ ജനസംഖ്യ, ജനപ്പെരുപ്പം എന്നിവയെ സംബന്ധിച്ചതുതന്നെ. 1981–ലെ ജനഗണനയനുസരിച്ച് ആ ആണ്ടിൽ മാർച്ച് 1–ാം തീയതി രണ്ടു കോടി അമ്പത്തിനാലു ലക്ഷത്തി മൂവായിരത്തിയിരുനൂററിപ്പതിനേഴ് (2,54,03,217) ജനങ്ങരം കേരളത്തിലുണ്ടായിരുന്നു. ഒരു നൂററാണ്ടു മുമ്പ്, 1881–ൽ കേരളത്തിൽ ഇതിന്റെ നാലിലൊന്നിൽ താഴെ ജനങ്ങളേ ഉണ്ടായിരുന്നുള്ളൂ—അമ്പത്തിരണ്ടുലക്ഷത്തിപ്പത്തൊമ്പതിനായിരത്തി നൂററിനാല്പത്തൊന്ന് (52,19,141). അന്നത്തെ ആ ജനസംഖ്യയിൽ 9.16 ശതമാനത്തിനും 26.29 ശതമാനത്തിനും ഇടയ്ക്കുള്ള വർദ്ധന പിന്നീട് ഓരോ പത്താണ്ടിലും ഉണ്ടായിക്കൊണ്ടിരുന്നു. വർദ്ധനയുടെ ശതമാനം ഏററവും അധികമായിരുന്നതു് 1961 മുതൽ 1971 വരെയുള്ള പത്തു വർഷങ്ങരംക്കിടയ്ക്കാണ്—26.29 ശതമാനം. ആ ദശാബ്ദത്തിൽ കേരള ജനസംഖ്യയിൽ മുപ്പത്തിമൂന്നു ലക്ഷത്തി അമ്പത്തിനാലായിരത്തി അഞ്ഞൂററി തൊണ്ണൂറേറഴ് (33,54,597) ജനങ്ങരം അധികമായി. ജനസംഖ്യാവർദ്ധനയുടെ ശതമാനം 19 ആയി കുറഞ്ഞെങ്കിലും, അടുത്ത ദശകത്തിൽ, 1971 മുതൽ 1981 വരെ, കേരളത്തിലെ ജനസംഖ്യയിലുണ്ടായ യഥാർത്ഥ വർദ്ധന അതിനു മുമ്പിലെ ദശാബ്ദത്തിലുണ്ടായതിനേക്കാരം ഏഴു ലക്ഷം കൂടുതലാണ്. അതായതു്, നാല്പതു ലക്ഷത്തി അമ്പത്തിനാലായിരത്തി എണ്ണൂററി നാല്പത്തിരണ്ട് (44,54,842). ഇപ്പോരം ഓരോ ആണ്ടിലും നാലര ലക്ഷത്തോളം ജനങ്ങരം കേരളത്തിൽ പെരുകിക്കൊണ്ടിരിക്കുന്നു! ഇതിനർത്ഥം, ഇന്നു വേണ്ടിവരുന്നതിനേക്കാരം അധികമായി നാലര ലക്ഷത്തോളം ആളുകരംക്കുകൂടി ഭക്ഷണവും, ആരോഗ്യ–വിദ്യാഭ്യാ

സ—പാർപ്പിട-ഗതാഗതാദിസൗകര്യങ്ങളും, തൊഴിലും, എല്ലാം, ഓരോ ആണ്ടിലും കേരളത്തിൽ ഉണ്ടാക്കേണ്ടിയിരിക്കുന്ന എന്നാണ്.

1971 മുതൽ 1981 വരെയുള്ള ദശാബ്ദത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ജനസംഖ്യാവർദ്ധനയുടെ ശതമാനം ഏററവും കുറഞ്ഞിരിക്കുന്നതു് തമിഴ്നാട്ടിലാണ്—17.23 ശതമാനം. 19 ശതമാനം വർദ്ധനയുള്ള കേരളം രണ്ടാം സ്ഥാനത്തു നില്ക്കുന്നു. കേന്ദ്രഭരണത്തിലുള്ള ചണ്ഡീഗഢിലാണ് ഏററവും ഉയർന്ന വർദ്ധന—74.95 ശതമാനം. ശതമാനത്തിൽ കുറവെങ്കിലും, കേരളത്തിൽ ഇപ്പോഴുള്ള ഉയർന്ന ജനസാന്ദ്രത കണക്കിലെടുക്കുമ്പോൾ, നമ്മുടെ ജനവർദ്ധന ആശങ്കാജനകമെന്നു മാത്രമല്ല, ആപല്ക്കരമെന്നുകൂടി പറയണം. ഇന്ത്യയിൽ ആകെയുള്ള ഭൂപ്രദേശത്തിന്റെ 1.18 ശതമാനം—38,863 ച. കി. മീ—മാത്രമേ കേരളത്തിലുള്ളു. അതേസമയം ഇന്ത്യയിലെ ആകെ ജനസംഖ്യയിൽ 3.71 ശതമാനവും കേരളത്തിലാണ് പാർക്കുന്നതു്. അതായതു്, ഇന്ത്യയിലെ ശരാശരി ജനസാന്ദ്രതയുടെ മൂന്നിരട്ടിയിലധികമാണ് കേരളത്തിലെ ശരാശരി ജനസാന്ദ്രത. ഇരുപത്തിയേഴ് ഇന്ത്യക്കാരിൽ ഒരാൾ കേരളീയനാണ്. ലോകത്തിലാകെയുള്ള മനുഷ്യരിൽ നൂററിയെഴുപത്തിമൂന്നു പേരിൽ ഒരാൾ കേരളീയനാകുന്നു! നൂറു വർഷം മുമ്പ്, 1881—ൽ കേരളത്തിൽ ഒരു ച. കി. മീ. സ്ഥലത്തു് 134 ജനങ്ങളേ ഉണ്ടായിരുന്നുള്ളു. ഇന്ന് ആ സ്ഥാനത്തു് 654 ജനങ്ങളുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു ച. കി. മീ. സ്ഥലത്തു് 1,244 ആളുകളും തിരുവനന്തപുരം ജില്ലയിൽ അത്രയും സ്ഥലത്തു് 1,182 ആളുകളും എറണാകുളം ജില്ലയിൽ അത്രയും സ്ഥലത്തു് 1,052 ആളുകളും കഴിഞ്ഞുകൂടുന്നു. കേരളത്തിലെ നഗരങ്ങളിൽ ഒരു ച. കി. മീ. സ്ഥലത്തു് ശരാശരി 2,755 ജനങ്ങൾ പാർക്കുന്നു. ഇതിനർത്ഥം ലോകത്തിലെ ഏററവുമധികം ജനനിബിഡങ്ങളായ പ്രദേശങ്ങളിലൊന്നാണ് കേരളമെന്നാകുന്നു. ഇന്നുള്ള ജനസംഖ്യതന്നെ ഗണ്യമായി കുറഞ്ഞെങ്കിലേ കേരളത്തിൽ സ്വൈരജീവിതം സാദ്ധ്യമാവുകയുള്ളു. പക്ഷേ, മുമ്പു പറഞ്ഞപോലെ ജനസംഖ്യ ആണ്ടിൽ നാലര ലക്ഷത്തോളം, പലിശയും കൂട്ടുപലിശയുമായി, ഇവിടെ പെരുകിക്കൊണ്ടേ പോവുകയാണ്.

കേരളത്തിൽ ആകെയുള്ള 2,54,03,217 ജനങ്ങളിൽ പുരുഷന്മാർ 1,24,87,961 ആകുന്നു; സ്ത്രീകൾ 1,29,15,256. ഇതിനർത്ഥം കേരളത്തിൽ പുരുഷന്മാരേക്കാൾ നാലു ലക്ഷത്തി ഇരുപത്തേഴായിരത്തി ഇരുനൂററിത്തൊണ്ണൂററഞ്ചു (4,27,295) സ്ത്രീകൾ കൂടുതലുണ്ടെന്നാണ്. മറെറാരു വിധത്തിൽ പറഞ്ഞാൽ, കേരളത്തിൽ പൊതുവേ ആയിരത്തിമുപ്പത്തിനാലു സ്ത്രീകൾക്ക് ആയിരം പുരുഷന്മാരേ ഉള്ളു. ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകളുടെ അനുപാതം ഇതിലും കൂടും—ആയിരം പുരുഷന്മാർക്ക് ആയിരത്തി മുപ്പത്തേഴ സ്ത്രീകൾ. ഇന്ത്യയിലൊട്ടാകെ നോക്കിയാൽ സ്ഥിതി വിപരീതമാണ്. ആയിരം പുരുഷന്മാർക്ക് തൊള്ളായിരത്തി മുപ്പത്തിയഞ്ചു സ്ത്രീകൾ എന്നതാണ് ഇന്ത്യയിലെ ശരാശരി കണക്ക്. കേരളത്തിൽ തന്നെ, ആയിരം പുരുഷന്മാർക്ക് പാലക്കാട്ടു ജില്ലയിൽ ആയിരത്തിയമ്പത്തൊമ്പതു സ്ത്രീകളും, ആലപ്പുഴ ജില്ലയിൽ ആയിരത്തിയമ്പത്തിയാറു സ്ത്രീകളും മലപ്പുറം ജില്ലയിൽ ആയിരത്തിയമ്പത്തിമൂന്നു സ്ത്രീകളും ഉണ്ട്. അതേ സമയം വയനാട്ടിൽ ആയിരം പുരുഷന്മാർക്ക് തൊള്ളായിരത്തമ്പത്തൊന്നു സ്ത്രീകളേ ഉള്ളൂ. കേരളത്തിൽ സ്ത്രീകൾ കൂടുതലായി കാണപ്പെടുന്നതിനു പല കാരണങ്ങളും ഉന്നയിക്കപ്പെടുന്നുണ്ടെങ്കിലും അവയിലൊന്നും തൃപ്തികരമായി തോന്നുന്നില്ല.

സ്ത്രീകളുടെ അനുപാതത്തിലുള്ള വർദ്ധനയുടെ ഫലം, മററു സ്റ്റേററുകളിൽനിന്ന് പുരുഷന്മാർ കേരളത്തിലെ സ്ത്രീകളെ വിവാഹം ചെയ്യുന്നില്ലെങ്കിലും, ബഹുഭാര്യാത്വം അനുവദിക്കുന്നില്ലെങ്കിലും, ആയിരം സ്ത്രീകൾ

വിവാഹിതകളാകുമ്പോൾ കേരളത്തിൽ മുപ്പത്തിനാലു സ്ത്രീകളെങ്കിലും അവിവാഹിതകളായിരിക്കേണ്ടിവരുമെന്നാണ്. വിവാഹച്ചന്തയിൽ സ്ത്രീകളുടെ വിലയിടിയാനും, സ്ത്രീധനത്തുക അധികമാകാനും ഈ സ്ഥിതിവിശേഷം കാരണമാവുന്നില്ലേ എന്ന് ആലോചിക്കേണ്ടതുണ്ട്. പക്ഷേ, വളരെ വലിയ സംഖ്യ സ്ത്രീധനമായി നൽകപ്പെടുന്ന കോട്ടയം ജില്ലയിൽ 1000 പുരുഷന്മാർക്ക് 999 സ്ത്രീകളേ ഉള്ളൂ എന്നതും നാം കാണാതിരുന്നുകൂടാ.'

സെൻസസ് റിപ്പോർട്ടിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ആഹ്ലാദപ്രദമായി കാണപ്പെടുന്ന ഒരേ ഒരു സംഗതി ഇവിടത്തെ സാക്ഷരതയുടെ നിലവാരമാണ്. നൂറു കേരളീയരിൽ അറുപത്തിയൊമ്പതു പേരും സാക്ഷരരാണ് (69.17 ശതമാനം). നഗരപ്രദേശത്തിൽ സാക്ഷരത 74.98 ശതമാനവും ഗ്രാമപ്രദേശത്തിൽ 67. 83 ശതമാനവുമാകുന്നു. 1971–ൽ സാക്ഷരതാശതമാനം 60.42 ആയിരുന്നു. കേരളത്തിൽത്തന്നെ ഏററവുമധികം സാക്ഷരത കോട്ടയം ജില്ലയിലാണ്—81.35 ശതമാനം. ആലപ്പുഴ (77.59 ശതമാനം), എറണാകുളം (75.71 ശതമാനം) എന്നീ ജില്ലകൾ രണ്ടും മൂന്നും സ്ഥാനങ്ങളിൽ നില്ക്കുന്നു. സാക്ഷരതയിൽ ഏററവും താഴെ നില്ക്കുന്നതു് പാലക്കാട്ടു ജില്ലയാണ്—55.88 ശതമാനം (സ്ത്രീകൾ 49.47 ശതമാനം). പാലക്കാട്ടു ജില്ലയിൽത്തന്നെ ചിററൂർ, മണ്ണാർക്കാട്ട് എന്നീ താലൂക്കുകളിൽ സാക്ഷരത, 50 ശതമാനത്തിൽ താഴെയാണ്. സ്ത്രീകളുടെ സാക്ഷരതാശതമാനം ചിററൂർ 40.29, മണ്ണാർക്കാട്ട് 44.49 കാസർഗോഡ് 42.08. ഏററവുമധികം സാക്ഷരതയുള്ളതു് ചെങ്ങന്നൂർ ടൗണിലാണ്—85.41 ശതമാനം. 85.24 ശതമാനം സാക്ഷരതയുള്ള തിരുവല്ലാ രണ്ടാമത്തെ സ്ഥാനത്തു നില്ക്കുന്നു.

സ്റ്റേററിലൊട്ടാകെ പുരുഷന്മാരുടെ ശരാശരി സാക്ഷരത 74 03 ശതമാനവും സ്ത്രീകളുടേതു് 64.48 ശതമാനവുമാകുന്നു. 1971–ൽ ഈ ശതമാനങ്ങൾ യഥാക്രമം 66.62, 54.31 എന്നിവയായിരുന്നു. ഇതിനർത്ഥം ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളിൽ സാക്ഷരതാപ്രചാരണത്തിനുവേണ്ടി കേരളത്തിൽ നടന്ന പരിശ്രമങ്ങൾക്കു കുറച്ചെങ്കിലും ഫലമുണ്ടായിട്ടുണ്ടെന്നാണ്. ആത്മാർത്ഥമായ ഒരു യത്നം ബന്ധപ്പെട്ട എല്ലാവരിൽനിന്നും ഉണ്ടാകുന്ന പക്ഷം, 1991–ലെ ജനഗണനയിൽ ഏറെക്കുറെ നൂറു ശതമാനം സാക്ഷരത രേഖപ്പെടുത്താൻ കേരളത്തിലെ ചില പ്രദേശങ്ങൾക്കെങ്കിലും സാധിച്ചുകൂടായ്കയില്ല. നിരക്ഷരതയെ പൂർണമായും നിർമാജനം ചെയ്യുന്ന ദിവസമായിരിക്കും ദേശചരിത്രത്തിലെ ഏററവും ഉജ്ജ്വലമായ ദിവസം എന്ന കാര്യത്തിലും രണ്ടഭിപ്രായം ഉണ്ടാവുക വയ്യ.

അമ്പതു ലക്ഷത്തി തൊണ്ണൂറേറാരായിരത്തി നാനൂററിയിരുപത്തെട്ട (50,91,428) പുരുഷന്മാരും പതിനാറു ലക്ഷത്തി അമ്പത്തൊരായിരത്തി അഞ്ഞൂററി മുപ്പത്തൊമ്പതു(16,51,539)സ്ത്രീകളുമടക്കം അറുപത്തിയേഴുലക്ഷത്തി നാല്പത്തീരായിരത്തി തൊള്ളായിരത്തി അറുപത്തേഴ് (67,42,967) പേർ കേരളത്തിൽ തൊഴിലെടുത്തു ജീവിക്കുന്നു. ജനസംഖ്യയിലെ 26.54 ശതമാനം മാത്രമാണ് തൊഴിലുള്ളവർ; പുരുഷന്മാർ 40.77 ശതമാനം;സ്ത്രീകൾ 12.79 ശതമാനം. ഇവരിൽത്തന്നെ 13.18 ശതമാനം കർഷകരും 28.19 ശതമാനം കാർഷികത്തൊഴിലാളികളും 4.09 ശതമാനം ഗൃഹവ്യവസായത്തൊഴിലാളികളും 54.54 ശതമാനം മററിനം തൊഴിലാളികളുമാകുന്നു. ജനസംഖ്യയിൽ 69.10 ശതമാനം തൊഴിലില്ലാത്തവർ (നോൺ വർക്കേഴ്സ്) ആണ്. സ്ത്രീകളിൽ തൊഴിലില്ലാത്തവരുടെ ശതമാനം 82.98 ആകുന്നു.

കേരളീയരിൽ 18.78 ശതമാനം മാത്രമേ നഗരങ്ങളിൽ വസിക്കുന്നുള്ളു നാല്പത്തിയേഴ് ലക്ഷത്തി എഴുപതിനായിരത്തിത്തൊള്ളായിരത്തി പത്തൊ

മ്പതു(47,70,919) പേർ. ശേഷിച്ച രണ്ടു കോടി ആറു ലക്ഷത്തി മുപ്പത്തീരായിരത്തി ഇരുനൂററിയെൺപത്തെട്ടു(2,06,32,288) പേരും ഗ്രാമങ്ങളിലാണു പാർക്കുന്നതു്. ഇന്ത്യയൊട്ടാകെ എടുത്താൽ 23.71 ശതമാനം ജനങ്ങൾ നഗരവാസികളാണ്. തമിഴ് നാട്ടിലാണു കൂടുതൽ നഗരവാസികൾ—32. 98 ശതമാനം.

കേരളത്തിൽ 31,053 വികലാംഗരുണ്ട്. ഇവരിൽ 8,178 പേർ അന്ധരും 10,819 പേർ മൂകരും 12,056 പേർ ശാരീരിക വൈകല്യമുള്ളവരുമാണ്. അന്ധർ കൂടുതലുള്ളതു് എറണാകുളം ജില്ലയിലാണ്—1,131 പേർ. മൂകർ കൊല്ലം ജില്ലയിലാണ് കൂടുതൽ—1267 പേർ. മററുതരം വികലാംഗർ കൂടുതലുള്ളതു തിരുവനന്തപുരം ജില്ലയിലാകുന്നു—1706 പേർ.

27 ജൂൺ, 1982

## 122. ഇടംകയ്യർ

നിങ്ങൾ ഒരു ഇടംകയ്യൻ (ഇടം കയ്യത്തി) ആണോ? അല്ലെങ്കിൽത്തന്നെ, നിങ്ങളുടെ പരിചയക്കാരിൽ പല ഇടംകയ്യരും ഉൾപ്പെട്ടിരിക്കും. പുരുഷന്മാരിൽ പത്തു ശതമാനവും സ്ത്രീകളിൽ ആറു ശതമാനവും ഇടംകയ്യർ ആണത്രേ. ഇതു മനുഷ്യരുടെ കാര്യം. മൃഗങ്ങളിൽ വ്യത്യസ്തമാണ് സ്ഥിതി. എലികളിൽ നേർപകുതി, അതായതു് അമ്പതു ശതമാനം, ഇടംകയ്യരാണെന്ന് ചില പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഇടംകയ്യർ ആകുന്നതു മോശമൊന്നുമല്ല. പല പ്രതിഭാശാലികളും ഇടംകയ്യർ ആയിരുന്നു. പ്രശസ്ത ചിത്രകാരന്മാരിൽ വളരെ വലിയ ഒരു വിഭാഗം ഇടംകയ്യർ ആണ്. ലിയനാർഡോ ഡാവിഞ്ചിയും മൈക്കൽ ആഞ്ജലോയും ഇടംകയ്യരായിരുന്നു. സംഗീതജ്ഞരിലും ഗണിത ശാസ്ത്രജ്ഞരിലും ഇടംകയ്യരുടെ അനുപാതം സാധാരണയിൽ കൂടുതലാണ്. ഇടംകയ്യർ ആയ ക്രിക്കററുകളിക്കാർക്കും ടെന്നീസ് കളിക്കാർക്കും എന്തൊരു ഡിമാൻഡ് ആണെന്നോ!

പക്ഷേ, ഇടംകയ്യർക്കു ചില ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. മദ്ധ്യകാല യൂറോപ്പിൽ ഇടംകയ്യർ മന്ത്രവാദികളാണെന്ന് വിശ്വസിക്കപ്പെട്ടിരുന്നു; സ്ത്രീകളാണെങ്കിൽ, പ്രത്യേകിച്ചും. ഇടംകൈകൊണ്ടു സലാം വെക്കുകയോ, ഭക്ഷണം വിളമ്പുകയോ, എന്തെങ്കിലും കൊടുക്കുകയോ ചെയ്യുന്നതു മര്യാദകേടായാണ് ഇന്ത്യയിൽ കണക്കാക്കപ്പെടുന്നതു്. കത്രിക ഉപയോഗിക്കാനോ, വാച്ചിനു താക്കോൽ കൊടുക്കാനോ ഇടംകയ്യർ പ്രയാസപ്പെടും; കാരണം വലങ്കയ്യരെ മുന്നിൽക്കണ്ടുകൊണ്ടാണ് കത്രികയും വാച്ചും നിർമിച്ചിട്ടുള്ളതു്. ഇതിനെല്ലാം പുറമെ, ഇടംകയ്യർക്കു പഠിപ്പിലും ചില പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഈ പ്രയാസങ്ങളെ പൊതുവിൽ 'ഡിസ്‌ലെക്സിയ' (പദാന്ധത) എന്നു വിളിക്കുന്നു. ഇവർ പലപ്പോഴും വായിക്കുന്നതു് ഇടത്തുനിന്നു വലത്തോട്ടല്ല, മറിച്ചു വലത്തുനിന്ന് ഇടത്തോട്ടാണ്. 'ര' എന്ന അക്ഷരം കെട്ടുപുള്ളി (െ)ആയും, മറിച്ചും, ഡിസ്‌ലെക്സിയക്കാർ വായിച്ചേക്കും. 'രാധ' എന്ന് എഴുതിക്കണ്ടാൽ അവർ 'ധാര' എന്നു വായിക്കാനാണ് സാദ്ധ്യത. വാക്യത്തിൽ പദംക്രമം തെററിച്ചു വായിക്കുവാനും എഴുതുവാനും അവർ വാസന കാണിക്കുന്നു. എല്ലാ ഉച്ചാരണങ്ങൾക്കും പ്രത്യേകം ലിപികളില്ലാത്ത റോമൻ (ഇംഗ്ലീഷ്) ലിപി ഉപയോഗിക്കുമ്പോൾ കുഴപ്പങ്ങൾ കുറെ കൂടുതലാവുന്നു. കണക്കു ചെയ്യുമ്പോൾ ഡിസ്‌ലെക്സിയക്കാർ വലത്തു (ഒന്നാം സ്ഥാനത്തു)